# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129 27-6-2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലൈറ്റ് ഹൗസുകളുടെ സുരക്ഷ

ചോദ്യം :

ശ്രീ. കെ. എം . ഷാജി
ശ്രീ. പി. ഉബൈദുള്ള
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. എം. ഉമ്മർ

ഉത്തരം :

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

| നമ്പർ | ചോദ്യം | കൊടുത്ത മറുപടി | അന്തിമ മറുപടി |
|---|---|---|---|
| (എ) | രാജ്യ സുരക്ഷ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി തീരദേശ നിരീക്ഷണത്തിന് ലൈറ്റ് ഹൗസുകളെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രം ആവിഷ്കരിക്കാൻ പോകുന്ന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന് അറിവുണ്ടോ; | (എ, ബി, സി, ഡി) വിവരം ശേഖരിച്ചു വരുന്നു. | (എ,ബി,സി,ഡി) കേന്ദ്ര സർക്കാരിൻെറ കീഴിൽ പ്രവർത്തിച്ചു വരുന്ന ഡയറക്ടർ ഓഫ് ലൈറ്റ് ഹൗസസ് ആന്റ് ലൈറ്റ് ഷിപ്സ് ഇൻഡ്യൻ കോസ്റ്റ് ഗാർഡുമായി സഹകരിച്ച് നാവികർക്കും മീൻപിടുത്തക്കാർക്കും സുരക്ഷിതമായ കപ്പൽ യാത്ര നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുകയും അത് പരിപാലിച്ചു വരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി തീരദേശത്തു നിന്ന് 25 നോട്ടിക്കൽ മൈൽ വരെ ദൂര പരിധിയിൽ സഞ്ചരിക്കുന്ന കപ്പലുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് |
| ബി) | എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ; | | |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള പങ്കാളിത്തം സംബന്ധിച്ച വിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | നാഷണൽ ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം(NAIS) രാജ്യത്തിന്റെ തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ 74 ബേസ് സ്റ്റേഷനുകൾ, 6 പ്രാദേശിക സ്റ്റേഷനുകൾ, 2 തീരദേശ കൺട്രോൾ സെന്ററുകൾ എന്നിവയും ഒരു നാഷണൽ ഡേറ്റാ സെന്ററും (മുംബൈ) പ്രവർത്തിച്ചുവരുന്നു. NAIS മുഖേന ലഭിക്കുന്ന വിവരങ്ങൾ കേന്ദ്ര സുരക്ഷാ ഏജൻസികളായ നേവി, കോസ്റ്റ് ഗാർഡ് എന്നിവക്കു പുറമേ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനും നൽകി വരുന്നു. പ്രസ്തുത വിവരങ്ങൾ മേൽ പറഞ്ഞ ഏജൻസികൾ അവലോകനത്തിനും നിരീക്ഷണത്തിനും വിധേയമാക്കുന്നു. കേരളത്തിൽ കപ്പലുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള NAIS സിസ്റ്റം കാസർഗോഡ്, മൗണ്ട് ഡില്ലി, കടലൂർ പോയിന്റ്, ബേപ്പൂർ, |
| ഡി). | സംസ്ഥാനത്തിനകത്തുള്ള ലൈറ്റ് ഹൗസുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | പൊന്നാനി, കൊച്ചി, ആലപ്പുഴ, തങ്കശേരി, വിഴിഞ്ഞം എന്നിവിട ങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമേ ലൈറ്റ് ഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കോസ്റ്റ് ഗാർഡ് കേരളത്തിന്റെ തീരദേശ മേഖല റഡാർ സിസ്റ്റത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സർക്കാർ സംവിധാനങ്ങളുടെ സുരക്ഷക്കായി സാധാരണഗതിയിൽ അനുവർത്തിച്ചു വരുന്ന എല്ലാ നടപടികളും ലൈറ്റ് ഹൗസുകളുടെ കാര്യത്തിലും ചെയ്തു വരുന്നു. ഏതെങ്കിലും ലൈറ്റ്ഹൗസുകൾക്ക് പ്രത്യേക ഭീഷണി ഉണ്ടായാൽ അവയ്ക്ക് ആവശ്യമായ പ്രത്യേക സുരക്ഷ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>പതിമൂന്നാം കേരള നിയമസഭ ഒന്നാം സമ്മേളന കാലത്ത് ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 129-ന്റെ മറുപടി നിയമസഭയ്ക്ക് യഥാസമയം സമർപ്പിക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള പ്രസ്താവന</u>**

പതിമൂന്നാം കേരള നിയമസഭ ഒന്നാം സമ്മേളന കാലത്ത് ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന 129-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് സമയ പരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കാൻ കഴിഞ്ഞില്ല. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കാനുള്ള വിവരങ്ങൾ ഡയറക്ടർ, ലൈറ്റ് ഹൗസ് ചെന്നൈ യൂണിറ്റിൽ നിന്നും ലഭിക്കേണ്ടതുണ്ടായിരുന്നതിനാലാണ് കാലതാമസമുണ്ടായത്.

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 129-ന്റെ മറുപടി നിയമസഭയ്ക്ക് സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മനപൂർവ്വമോ അറിഞ്ഞുകൊണ്ടുള്ളതോ അല്ല. ആയത് മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരത്തിലുള്ള കാലതാമസം മേലിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും ബഹു. സഭയെ ബഹുമാന പുരസരം അറിയിക്കുന്നു.

K. PARAMESWARA KUMAR
Additional Secretary to Govt.
Home Dept: Govt Secretariat, Tvpm
Phone : 2327109, 2518464